ഉത്തരം

(എ-സി) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേന തോട്ടം തൊഴിലാളികൾക്ക് മാത്രമായി ഭവന നിർമ്മാണ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല എന്നാൽ തൊഴിൽ വകുപ്പ് ഭവനം ഫൗണ്ടേഷൻ വഴി പദ്ധതി നടപ്പിലാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഗൃഹശ്രീ പദ്ധതി

192 (3346) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ സ്പോൺസർമാർ എത്ര തുക വീതമാണ് നൽകേണ്ടതെന്ന് അറിയിക്കുമോ ;

(സി) പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഡി) ഇതുവരെ ഏതെല്ലാം സംഘടനകളും വ്യക്തികളുമാണ് ഈ പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ നിർദ്ദേശിച്ചിട്ടുള്ളതെന്നും ഓരോരുത്തരും എത്ര പേരെ വീതമാണ് നിർദ്ദേശിച്ചതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഗൃഹശ്രീ പദ്ധതി 2013-14 വർഷത്തിൽ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 525 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത 525 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30-6-2015-ലെ കണക്കു പ്രകാരം 525 പേർക്ക് ഒന്നാം ഗഡുവും 512 പേർക്ക് രണ്ടാം ഗഡുവും 481 പേർക്ക് മൂന്നാം ഗഡുവും 453 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്. ഗൃഹശ്രീ പദ്ധതി 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി 709 വീടുകൾക്കുള്ള സ്പോൺസർഷിപ്പ് തുക ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 709 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30-6-2015-ലെ കണക്കു പ്രകാരം 507 പേർക്ക് ഒന്നാം ഗഡുവും 241 പേർക്ക് രണ്ടാം ഗഡുവും 101 പേർക്ക് മൂന്നാം ഗഡുവും 11 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

(ബി) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഒരു വീടിന് 1 ലക്ഷം രൂപയാണ് സ്പോൺസർഷിപ്പ് വിഹിതമായി സ്പോൺസർ അടക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

സാന്ത്വനം പദ്ധതി

193(3347) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതുമായ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് ഉപയുക്തമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

സാന്ത്വനം വാടക വീട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടില്ല.

നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കിമാറ്റുന്നത് സംബന്ധിച്ച്

194 (3348) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകുംവിധം നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്, വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിലൂടെ എന്തൊക്കെയാണ് സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസുകളിൽ നിന്നും സേവനങ്ങൾ നൽകിവരുന്നുണ്ട്. എന്നിരുന്നാലും എല്ലാ സേനവങ്ങളും ലഭിക്കുന്ന കേന്ദ്രങ്ങളായി എല്ലാ കേന്ദ്രങ്ങളും മാറിയിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly